# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1621 — 12/06/2019-ൽ മറുപടിയ്ക്ക്

## വികലാംഗരായ കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരും വികലാംഗരുമായ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചുനൽകി പുനരധിവസിപ്പിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് നഗരകാര്യ വകുപ്പിന് കൈമാറിയിരുന്ന മുട്ടത്തറയിലെ രണ്ടേക്കർ സ്ഥലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | എ), ബി) & സി) | തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഭൂരഹിതരും ഭവന രഹിതരുമായ വികലാംഗരായ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി നഗരകാര്യ വകുപ്പിന് അനുവദിച്ച ഭൂമി തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സ്ഥലം നഗരസഭയ്ക്ക് കൈമാറി കിട്ടുന്ന മുറയ്ക്ക് വികലാംഗരായ കോളനി നിവാസികളെ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ച് നൽകുന്നതാണ്. |
| ബി) | പ്രസ്തുത ഭൂമി നഗരസഭയ്ക്ക് കൈമാറുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | | |
| സി) | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരും വികലാംഗരുമായ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചുനൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ